കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം — കുത്തുപറമ്പ് നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ. സാംജി ഡേവിഡിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ സമർപ്പിച്ച അപ്പീൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇയ്യ്) വകുപ്പ്

സ. ഉ. (സാധാ) നം.2838/2017 തസ്വഭവ തീയതി, തിരുവനന്തപുരം, 19.08.2017

==========

പരാമർശം: 1) 06.02.2017 തീയതിയിലെ സ.ഉ.(സാധാ) നം. 334/17/തസ്വഭവ.

2) ഡോ. സാംജി ഡേവിഡ് സമർപ്പിച്ച 24.05.2017 തീയതിയിലെ അപ്പീൽ അപേക്ഷ.

ഉത്തരവ്

വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ 09.09.2013 തീയതിയിൽ കുത്തുപറമ്പ് നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് കണ്ട് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ. സാംജി ഡേവിഡിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ ആറ് മാസത്തേക്ക് തടഞ്ഞുകൊണ്ട് പരാമർശം ഒന്ന് പ്രകാരം തീർപ്പാക്കി. ആയതിനെതിരെ ടിയാൻ സമർപ്പിച്ച പരാമർശം രണ്ടിലെ അപ്പീൽ അപേക്ഷയിൽ 09.09.2013-ൽ വിജിലൻസ് പരിശോധന നടന്നിരുന്നതിനാൽ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ മറുപടി ലഭിച്ചതിന് ശേഷം ഹാജർ രേഖപ്പെടുത്താമെന്ന് കരുതിയിരുന്നതിനാലാണ് എഴുതി രേഖപ്പെടുത്താതിരുന്നതെന്നും നാളിതുവരെ ഒരു ഏൺഡ് ലീവ് പോലും സറണ്ടർ ചെയ്തിട്ടില്ലാത്ത തന്റെ ലീവ് അക്കൗണ്ടിൽ ധാരാളം ഏൺഡ് ലീവും കമ്മ്യൂട്ടഡ് ലീവും കാഷ്വൽ ലീവും നിലവിലുള്ളപ്പോൾ 08.09.2013-ന് രാവിലെ കുത്തുപറമ്പിൽ എത്തിയ താൻ ലീവെടുക്കാതെ അനധികൃതമായി ആഫീസിൽ നിന്നും വിട്ടു നിൽക്കേണ്ട ഒരവസ്ഥയും ഉണ്ടായിരുന്നില്ലെന്നും യാത്രയിലുണ്ടായ പുറം വേദന കാരണം ചെയർപേഴ്സന്റെ അനുമതിയോട് കൂടി 09.09.2013 ൽ കാഷ്വൽ അവധിയാക്കുകയും വിവരം റീജിയണൽ ജോയിന്റ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നതാണെന്നും അവ രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നത് തന്റെ വീഴ്ചയല്ല എന്നും ടി ദിവസത്തെ കാഷ്വൽ അവധിയായി തന്നെ കണക്കാക്കണമെന്നും അപേക്ഷിച്ചു.

2. കൂടാതെ താൻ അവധിയിലായിരുന്ന 09.09.2013-ൽ ആഫീസിന്റെ നിയന്ത്രണ മേൽനോട്ടച്ചുമതല വഹിച്ചിരുന്നത് ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീ. ചന്ദ്രഭാനു ആയിരുന്നുവെന്നും ടിയാന് കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 50(2) പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായ ഹാജർ ബുക്ക് സൂക്ഷിക്കൽ, ലീവ് അനുവദിക്കൽ തുടങ്ങി നിരവധി അധികാരങ്ങൾ ജി-1737/13-ാം നമ്പർ ഫയൽ പ്രകാരം ഡെലിഗേറ്റ് ചെയ്ത് നൽകിയിരുന്നുവെന്നും ആയതിനാൽ താൻ കുറ്റക്കാരനല്ലെന്നും ടിയാൻ ബോധിപ്പിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി. ദേവിയ്ക്ക് 09.09.2013-ൽ ക്രെഡിറ്റിൽ ഇല്ലാതിരുന്ന ലീവാണ് ശ്രീ. ചന്ദ്രഭാനു അനുവദിച്ചിരുന്നതെന്ന് പിന്നീട് കണ്ടെത്തിയപ്പോൾ അത് റദ്ദാക്കി കമ്മ്യൂട്ടഡ് ലീവിന് അപേക്ഷ വാങ്ങി അപാകത പരിഹരിച്ചിരുന്നതായും ടിയാൻ ബോധിപ്പിച്ചു.

3. ഡോ. സാംജി ഡേവിഡിനെ നേരിൽ കേട്ട ശേഷമാണ് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഹിയറിംഗ് സമയത്ത്, 09.09.2013 ൽ ഓഫീസിൽ ഹാജരാകാതിരുന്നതിനോ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീമതി. ദേവിയ്ക്ക് ലീവ് അനുവദിച്ചതിനെക്കുറിച്ചോ മതിയായ വിശദീകരണം നൽകാൻ ടിയാന് കഴിഞ്ഞിട്ടില്ല. ആയതെല്ലാം പരിഗണിച്ചാണ് ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചത്. ടിയാന് നൽകിയ ശിക്ഷ ഇളവ് ചെയ്യുന്നതിന് മതിയായ വിശദീകരണമോ രേഖകളോ അപ്പീൽ അപേക്ഷയിൽ നൽകിയിട്ടുമില്ല. ആയതിനാൽ ടിയാനെതിരെ സ്വീകരിച്ച ശിക്ഷാ നടപടി റദ്ദ് ചെയ്യണമെന്ന രണ്ടാം പരാമർശം പ്രകാരമുള്ള അപ്പീൽ ഹർജി നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്,
അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), തൃശ്ശൂർ.
ഡോ. സാംജി ഡേവിഡ്, സെക്രട്ടറി, കോതമംഗലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ